ഉത്തരം.

ആവശ്യമായ വിവരങ്ങൾ ശേഖരിച്ചുവരുന്നു.

റൂറൽ മിഡ്‌വൈഫ്.

൪൫൨. [൨൨] ശ്രീ. സി. പി. ശ്രീവല്ലഭമേനോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആകെ എത്ര റൂറൽ മിഡ്‌വൈഫുകളുണ്ട്, എത്ര കേന്ദ്രങ്ങൾ;

(ബി) പറവൂർ താലൂക്കിൽ എത്ര പേരുണ്ട്?

ഉത്തരം.

(എ) സംസ്ഥാനത്ത് ആകെ ൨൫ റൂറൽ മിഡ്‌വൈഫുകളും; ൨൯ റൂറൽ മിഡ്‌വൈഫറികേന്ദ്രങ്ങളും ഉണ്ട്.

(ബി) പറവൂർ താലൂക്കിൽ വരാപ്പുഴയും, നാത്തൂർ അട്ടവാശ്ശേരിയിലും ഓരോ മിഡ്‌വൈഫറിതമുണ്ട്.

പട്ടികജാതിക്കാർക്ക് സ്ഥലം.

൪൫൩. [൨൭] ശ്രീ. സി. സി. അയ്യപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ൧൯൫൦-നുശേഷം പട്ടികജാതിക്കാർക്ക് വീടുവയ്ക്കുന്നതിനു സ്ഥലം അനുവദിക്കുകയും, പക്ഷേ അപേക്ഷകർക്ക് അനുവദിച്ച സ്ഥലം അളന്നുതിരിച്ചു കൊടുക്കാതിരിക്കുകയും ചെയ്തിട്ടുണ്ടോ;

(ബി) അനുവദിച്ചിട്ടുണ്ടെങ്കിൽ എവിടെയെല്ലാം; ഓരോ സ്ഥലവും അനുവദിച്ച തീയതി?

ഉത്തരം.

(എ,ബി) ആവശ്യമുള്ള വിവരങ്ങൾ ശേഖരിച്ചുവരുന്നു.

UNSTARRED QUESTIONS POSTED FOR ANSWER ON 17-3-1953.

ആർബിട്രേഷൻ കമ്മിറ്റി.

൪൫൪. [൨൫] ശ്രീ. കെ. കെ. കുമാരപിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും സിവിൽസപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly